**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1225** **05.03.2020 ൽ മറുപടിയ്ക്ക്**

**പള്ളുരുത്തി സബ് ട്രഷറി നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ട്രഷറി ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുള്ള പള്ളുരുത്തി സബ് ട്രഷറി നിർമ്മാണത്തിന് കൊച്ചി താലൂക്കിലെ പള്ളുരുത്തി വില്ലേജ് സർവ്വെ 616/2, 616/10 എന്നിവയിൽപ്പെട്ട 5.500 സെന്റ് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊച്ചി തഹസീൽദാർ സമർപ്പിച്ച (S3-6211/2018 തീയതി 26.10.2019) റിപ്പോർട്ടിൽ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | പള്ളുരുത്തി സബ് ട്രഷറി നിർമ്മാണത്തിന് കൊച്ചി താലൂക്കിലെ പള്ളുരുത്തി വില്ലേജ് സർവ്വെ 616/2, 616/10 എന്നിവയിൽപ്പെട്ട 5.500 സെന്റ് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊച്ചി തഹസീൽദാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി ഭൂമി വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ ഉൾപ്പെട്ടുവരുന്നതിനാൽ ഭൂമി കൈമാറ്റ അപേക്ഷയിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറോട് ജില്ലാ കളക്ടർ സ്പഷ്ടീകരണം ആരായുകയും വില്ലേജ് ഓഫീസ് കോമ്പൗണ്ടിലെ ഭൂമി പതിച്ച് നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്യരുത് എന്ന നിർദ്ദേശം നിലവിലുള്ളതിനാൽ ട്രഷറി നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ